ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം:എ2/4594/2014/സി.ഇ/തസ്വഭവ

തീയതി: 22/08/2014

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ഇറിഗേഷൻ വകുപ്പിൽ നിന്നും താൽക്കാലിക പുനർവിന്യാസം വഴി തുടരുന്നവരെ വിടുതൽ ചെയ്യുന്നത് സംബന്ധിച്ച് -

സൂചന: സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സി.ഇ. ഓഫീസ്, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം-ന്റെ അർദ്ധ ഔദ്യോഗിക കത്ത് നം. സി2/18295/2012, തീയതി 12.08.2014.

താൽക്കാലിക പുനർവിന്യാസം വഴി ഇറിഗേഷൻ വകുപ്പിലെ ജീവനക്കാരാരെങ്കിലും താങ്കളുടെ ഓഫീസിനുകീഴിൽ ഇപ്പോഴും തുടരുന്നുണ്ടെങ്കിൽ അവരെ എത്രയും പെട്ടെന്ന് വിടുതൽ ചെയ്ത് വിടേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു. 2014 ആഗസ്ത് മാസം 30-ാം തീയതിയ്ക്ക് ശേഷവും വിടുതൽ ചെയ്യാതെ പുനർവിന്യാസത്തിൽ തുടരുന്നവർക്ക് ശമ്പളം ലഭിക്കുന്നതല്ല. അപ്രകാരം തുടരുന്ന ജീവനക്കാരുടെ പേരുവിവരം ഈ കാര്യാലയത്തിൽ അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു. മാതൃവകുപ്പിലേക്ക് തിരികെ നിയമനം ലഭിച്ച സർക്കാർ ഉത്തരവിലുൾപ്പെട്ടവർക്കും മാതൃവകുപ്പിലേക്ക് തിരികെ വരുവാൻ ഇതുവരെയും അപേക്ഷ നൽകാത്തവർക്കും മേൽ നിർദ്ദേശം ബാധകമാണ്.

ടി തീയതിക്ക് ശേഷം തുടരുന്നവരുടെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് സൂചന (1) പ്രകാരം ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

പകർപ്പ് : സൂപ്രണ്ടിംഗ് എഞ്ചിനീയർ (സൗത്ത് സർക്കിൾ / നോർത്ത് സർക്കിൾ)
എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും.

PVR/-